1986 സെപ്തംബർ 30-ാം തീയതി സംസ്ഥാന ഗവൺമെന്ററിന്റെ ബാദ്ധ്യതകൾ

1015. [1472] ശ്രീ. ഇ. പത്മനാഭൻ :
,, ടി. കെ. ഹംസ :
,, വി. കേശവൻ :
,, സി. ടി. കൃഷ്ണൻ :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്തംബർ 30-ന് സംസ്ഥാന ഗവൺമെന്ററിന്റെ ബാദ്ധ്യതകൾ മൊത്തം എത്ര സംഖ്യയാണ് ;

(ബി) 1986 ഒക്ടോബർ 15-ന് ഓവർ ഡ്രാഫ്റ്റ് ഉണ്ടോ ; എങ്കിൽ എത്ര സംഖ്യയ്ക്ക് ?

ഉത്തരം.

(എ) സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾ ഏപ്രിൽ ഒന്നിനു ആരംഭിച്ച് മാർച്ച് 31-ന് അവസാനിക്കുന്ന വാർഷിക അടിസ്ഥാനത്തിലാണ് കണക്കാക്കുക. അതുകൊണ്ട് ഇതിനിടയിൽ വരുന്ന ഏതെങ്കിലും ഒരു ദിവസത്തെ ബാദ്ധ്യതകൾ കണക്കാക്കാൻ ബുദ്ധിമുട്ടുണ്ട്.

(ബി) 1986 ഒക്ടോബർ 15-ന് സംസ്ഥാന ഗവൺമെന്ററിന് ഓവർ ഡ്രാഫ്റ്റ് ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

ഗവൺമെന്റ് പ്രസ്സ് ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

1016. [1473] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളിലെ എത്ര ജീവനക്കാർ വീട് നിർമ്മാണത്തിനുള്ള വായ്പയ്ക്കുവേണ്ടി 1982-83, 1983-84, 1984-85, 1985-86, എന്നീ സാമ്പത്തിക വർഷത്തിൽ അപേക്ഷിച്ചിട്ടുണ്ട് ;

(ബി) അതിൽ ഓരോ വർഷവും എത്ര പേർക്കുവീതം വായ്പ നൽകി ;

(സി) ഇനി നൽകാനുള്ളവർക്ക് ഈ സാമ്പത്തിക വർഷംതന്നെ വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1982-83-ൽ 72 പേരും, 1983-84-ൽ 85 പേരും, 1984-85-ൽ 139 പേരും, 1985-86-ൽ 142 പേരും അപേക്ഷിച്ചിട്ടുണ്ട്.

(ബി) 1982-83-ൽ 40 പേർക്കും, 1983-84-ൽ 25 പേർക്കും 1984-85-ൽ 69 പേർക്കും, 1985-86-ൽ 90 പേർക്കും വായ്പ നൽകി.

(സി) ഇനി നൽകാനുള്ളവർക്ക് ഈ സാമ്പത്തിക വർഷം തന്നെ വായ്പ നൽകുവാൻ ഫണ്ടിന്റെ അഭാവത്താൽ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly